പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1915 04.12.2018-ലെ മറുപടിക്ക്

# നെയ്യാറ്റിൻകര കെ.എസ്.ആർ.ടി.സി. ഡിപ്പോ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ. ആൻസലൻ | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | നെയ്യാറ്റിൻകര കെ.എസ്.ആർ. ടി.സി. ഡിപ്പോയിൽ നിന്നും ഷെഡ്യൂൾ പരിഷ്കാരവുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്ക് യാത്രാക്ലേശം ഉണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു പരിഹരിക്കാൻ എന്ത് ക്രമീകരണമാണ് നടപ്പിലാക്കിയതെന്ന് വിശദമാക്കാമോ; | (എ) | ഷെഡ്യൂൾ പുനഃക്രമീകരിച്ച് ഈ അപാകതകൾ പരിഹരിച്ചിട്ടുണ്ട്. |
| (ബി) | നെയ്യാറ്റിൻകര കെ.എസ്.ആർ. ടി.സി. ഡിപ്പോയിൽ പുതിയ പരിഷ്കാരങ്ങൾ കാരണം വരുമാനത്തിൽ പ്രതിദിനം എത്രയാണ് കുറവ് വന്നത് എന്ന് വ്യക്തമാക്കുമോ; | (ബി) | പരിഷ്കരണ നടപടികൾ ആരംഭിച്ച സമയത്ത് പ്രതിദിന വരുമാനത്തിൽ കുറവ് വന്നിരുന്നെങ്കിലും, ടി ഷെഡ്യൂളുകളിലെ അപാകതകൾ പരിഹരിച്ചതിനെ തുടർന്ന് വരുമാന നഷ്ടം കുറക്കുവാൻ കഴിഞ്ഞിട്ടുണ്ട്. |
| (സി) | റൂട്ടുകൾ ദേശസാൽക്കരിച്ചിട്ടുള്ള പ്രസ്തുത പ്രദേശത്ത് സ്കൂൾ-കോളേജ് വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും ഉപകാരപ്രദമായ രീതിയിൽ യാത്രാസൗകര്യം മെച്ചമാക്കുന്നതിന് ഉചിതമായ തീരുമാനം കൈക്കൊള്ളാൻ നടപടി സ്വീകരിക്കുമോ? | (സി) | പ്രസ്തുത പ്രദേശത്ത് സ്കൂൾ-കോളേജ് വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും ഉപകാരപ്രദമായ രീതിയിൽ യാത്രാസൗകര്യം മെച്ചപ്പെടുന്ന തരത്തിൽ സർവ്വീസുകൾ പുനഃക്രമീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ